രൂപയും ആനുകൂല്യമായി നൽകുന്നു. നിധിയിലെ ഒരംഗത്തിന്റെയോ കുടുംബാംഗത്തിന്റെയോ ശവസംസ്ക്കാര ചെലവുകൾക്കായി 500 രൂപ വരെയും ധനസഹായം നൽകുന്നു. കൂടാതെ ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ സ്ത്രീതൊഴിലാളികൾക്കും ഖാദി തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ സഹായമായി 2000 രൂപ അനുവദിക്കുന്നുണ്ട്.

ഖാദി ബോർഡിന്റെ വില്പന കേന്ദ്രങ്ങൾ

176 [1896] ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീ. ടി. വി. ചന്ദ്രമോഹൻ :

ശ്രീ. എം. എ. വാഹിദ് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഖാദിബോർഡ് കൂടുതൽ വില്പനകേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് പറയുമോ ;

(സി) നിലവിൽ ഖാദിബോർഡിന് എത്ര വില്പന കേന്ദ്രങ്ങൾ ഉണ്ട് ;

(ഡി) ഇവയുടെ വാർഷിക ടേൺ ഓവർ എത്ര എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ സ്റ്റേഡിയം കോംപ്ലക്സിലും അടൂരിലെ റവന്യൂ ടവറിലും.

(സി) 241

(ഡി) 2003-2004-ൽ 804.56 ലക്ഷം രൂപയുടെ വില്പന നടന്നു.

സർവ്വോദയ സംഘങ്ങളുടെ ഖാദിത്തുണി

177 [1897] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഖാദി തുണിത്തരങ്ങൾ ഉല്പാദിപ്പിക്കുന്ന എത്ര സർവ്വോദയ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സർവ്വോദയ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന തുണിത്തരങ്ങളുടെ മേന്മ പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) മേൽത്തരം തുണികൾ ഉത്പാദിപ്പിക്കുന്ന ഇത്തരം സർവ്വോദയ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒന്ന്.

(ബി) 1. ഓരോ സ്ഥാപനങ്ങളും ഉത്പാദിപ്പിക്കുന്ന ഖാദി തുണിത്തരങ്ങളുടെ ഗുണവും ഏകീകൃത വില നിലവാരവും നിശ്ചയിക്കുന്നതിന് കേന്ദ്ര സർട്ടിഫിക്കേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ കോസ്റ്റ് ചാർട്ട് നടപ്പിലാക്കിയിട്ടുണ്ട്.

2. ഉല്പാദിപ്പിക്കപ്പെടുന്ന നൂലിന്റെയും തുണിയുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് ഭാരതസർക്കാരിന്റെ കണ്ണൂരിലുള്ള ടെക്സ്റ്റൈൽ കമ്മിറ്റിയുടെയും അഹമ്മദാബാദിലുള്ള പ്രയോഗ സമിതിയുടെയും സേവനം ലഭ്യമാണ്.

3. ഖാദി നിർമ്മാണത്തിനുപയോഗിക്കുന്ന നൂലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഖാദി കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പഞ്ഞി സംസ്ക്കരണ കേന്ദ്രത്തിൽ നിന്നും ഗുണമേന്മയുള്ള സ്ലൈവർ ലഭ്യമാക്കിവരുന്നു.

4. ഗുണമേന്മ പരിശോധിക്കുന്നതിന് ഖാദികമ്മീഷന്റെയും ഖാദി ബോർഡിന്റെയും സാങ്കേതിക വിദഗ്ദ്ധരുടെയും സേവനം പ്രയോജനപ്പെടുത്തുന്നു.

5. ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും പുതിയതരം ഡിസൈൻ രൂപകല്പന ചെയ്യുന്നതിനും സാങ്കേതിക വിദ്യയുടെ നവീകരണത്തിനുമായി പ്രൊഡിപ്പ് പദ്ധതി പ്രകാരം 2 ലക്ഷം രൂപ വരെ ഖാദികമ്മീഷൻ ഒരു സംഘത്തിന് ഗ്രാന്റായി നൽകുന്നു.

6. ഓരോ സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കുന്ന തുണികളിൽ അടങ്ങിയിരിക്കുന്ന നൂലിഴകൾ, നീളം, വീതി, വില, നിർമ്മിച്ച സ്ഥാപനത്തിന്റെ പേര് എന്നിവ ഉപഭോക്താവിന് കാണത്തക്കവിധം തുണികളിൽ പ്രദർശിപ്പിക്കുന്നുണ്ട്.

(സി) ഇത്തരം സംഘങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ ഖാദി കമ്മീഷനിൽ നിന്നും ഖാദിബോർഡിൽ നിന്നും നൽകിവരുന്നു. കൂടാതെ ബാങ്ക് വായ്പ ലഭ്യമാക്കുകയും വായ്പക്ക് ഖാദികമ്മീഷൻ പലിശ സബ്സിഡി നല്കുകയും ചെയ്യുന്നു. ഗുണമേന്മയുള്ള ഉല്പാദന ഉപകരണങ്ങൾ ഖാദി കമ്മീഷൻ മുഖേന വിതരണം ചെയ്യുന്നു. ഉല്പാദനത്തിനാവശ്യമായ പഞ്ഞി ഖാദി കമ്മീഷൻ വാങ്ങിച്ച് കേന്ദ്രീകൃത സംസ്ക്കരണം വഴി വിതരണം ചെയ്യുന്നു. ചില്ലറ വില്പനയ്ക്ക് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും റിബേറ്റ് നല്കിവരുന്നു. റിബേറ്റിന്റെ കണക്കിൽപ്പെടുത്തി സ്ലൈവർ മുൻകൂർ നല്കിവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1770, 1879, 1888 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly